കൃഷി

45. പ്രതിസന്ധിയിൽപ്പെട്ട് നട്ടം തിരിയുന്ന കേരളത്തിലെ ഒരു കോടിയോളം വരുന്ന കർഷകർക്ക് ഈ സർക്കാരിന്റെ കാർഷികനയം ആശാകേന്ദ്രവും അഭയസ്ഥാനവുമാണ്. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും പേരിൽ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന തലതിരിഞ്ഞ നയങ്ങളുടെ ഫലമായി കാർഷികരംഗത്ത് നാം സ്വീകരിച്ചിട്ടുള്ള സുചിന്തിതമായ എല്ലാ നടപടികളും സ്തംഭനാവസ്ഥയിലാവുകയാണ്. അടുത്ത വർഷത്തെ പദ്ധതി വിഹിതമായി 167.20 കോടി രൂപ ഞാൻ കാർഷിക മേഖലയിൽ വകയിരുത്തിയിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഹിതമുൾപ്പെടെ മൊത്തം 500 കോടിയോളം രൂപ കാർഷികരംഗത്ത് ചെലവഴിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പുതുതായി രൂപം കൊടുത്ത 'പാഡിബോർഡി'ന്റെ പ്രവർത്തനം വഴി കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ കൈവരിച്ച നെല്ലുൽപ്പാദന മേഖലയിലെ എടുത്തുപറയാവുന്ന നേട്ടങ്ങൾ നിലനിറുത്തുവാൻ നമുക്ക് കഴിയും. നെൽകൃഷിക്കായി 33.62 കോടി രൂപ ഞാൻ മാറ്റിവയ്ക്കുന്നു. തെങ്ങുകളിൽ കണ്ടുവരുന്ന മാരകമായ മണ്ഡരി രോഗബാധയെ നേരിടുവാൻ കഴിഞ്ഞു. മൊത്തം 28.77 കോടി രൂപ ചെലവഴിച്ചുകൊണ്ട് 2.77 കോടി തെങ്ങുകൾക്ക് ചികിത്സ നടത്തിയിട്ടുണ്ട്. ഈ രോഗ പ്രതിരോധ നടപടികളുടെ രണ്ടും മൂന്നും ഘട്ടങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്. തെങ്ങുകൃഷിക്കായി 21.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് നടത്തുന്ന ചെലവുകൾ ഇതിനുപുറമേയാണ്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി 80,000 മെട്രിക് ടൺ കൊപ്ര സംഭരിച്ചിട്ടും വെളിച്ചെണ്ണവില താഴ്ന്നുകൊണ്ടിരിക്കുകയാണ്. കുരുമുളകിന്റെ ടെക്നോളജി മിഷൻ പദ്ധതിയ്ക്കും കശുവണ്ടി വികസന പദ്ധതിക്കും യഥാക്രമം 3 കോടിയും 2.25 കോടിയും ഈ വർഷം ഉൾക്കൊള്ളിച്ചിട്ടുണ്ട്. നാഷണൽ വാട്ടർഷെഡ് പ്രോഗ്രാമിന്റെ കീഴിൽ സംസ്ഥാനത്ത് 28 വാട്ടർ ഷെഡുകളിലേയ്ക്കായി 13.08 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്.

46. സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കുന്ന നടപടികൾ നമ്മൾ തുടരുന്നതാണ്. റബ്ബർ പ്ലാന്റേഷന്റേയും റബ്ബറിന്റേയും നികുതി നിരക്കുകൾ കുറച്ചു . പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കുന്ന ലാറ്റക്സിന്റെ ഭൂരിഭാഗവും കയറ്റി അയയ്ക്കുമെന്ന് ഉറപ്പാക്കുന്നതിനു പുറമേ ക്രമ്പ് റബ്ബറിന്റേയും റബ്ബർ ഷീറ്റുകളുടേയും കയറ്റുമതിയും പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. താൽക്കാലിക നടപടിയായി കഴിഞ്ഞ വർഷം കാപ്പിയുടേയും കശുവണ്ടിയുടേയും തേയിലയുടേയും നികുതി എട്ട് ശതമാനത്തിൽ നിന്നും നാലു ശതമാനമായി കുറവു ചെയ്തു . അഞ്ച് ഹെക്ടർ വരെയുള്ള എല്ലാ കർഷകരേയും കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കി. റബ്ബർ , കാപ്പി കർഷകരുടെ കാർഷികാദായ നികുതി 20 ഹെക്ടർ വരെ പൂർണ്ണമായും ഒഴിവാക്കി. രണ്ടു ഹെക്ടർ വരെയുള്ള എല്ലാ കൃഷിക്കാർക്കും വൈദ്യുതി സൗജന്യമാക്കി. ഈ മേഖല നേരിടുന്ന ഗുരുതരമായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അടുത്ത ഒരു വർഷത്തേയ്ക്കു കൂടി ഈ നികുതി ഇളവുകൾ തുടരാൻ ഞാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

47. കേരള കാർഷിക സർവകലാശാല വിജയകരമായി നടത്തിയ ഗവേഷണങ്ങൾ കേരസുധ അല്ലെങ്കിൽ മധുരക്കള്ളിന്റെ വ്യാവസായിക സാധ്യതകൾ തെളിയിച്ചിട്ടുണ്ട്. കേരസുധയുടെ ഉപയോഗം വ്യാപിപ്പിക്കുന്നത് വഴി നേരിട്ടും അല്ലാതെയും 5 ലക്ഷം മുതൽ 10 ലക്ഷം വരെ ജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ ഉണ്ടാക്കുവാൻ കഴിയുമെന്ന് ഗവേഷകർ കണക്കാക്കിയിരുന്നു. നമ്മുടെ ശാസ്ത്രജ്ഞന്മാർ തദ്ദേശീയമായ സാങ്കേതിക വിദ്യകൊണ്ട് വികസിപ്പിച്ചെടുത്ത അനുയോജ്യമായ ഈ പദ്ധതി വ്യവസായവൽക്കരിക്കുന്നതിന് ഒരു പരിപാടി തയ്യാറാക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തുവാൻ ഉദ്ദേശിക്കുന്നു.

മൃഗസംരക്ഷണം

48. എല്ലാ ഗ്രാമപഞ്ചായത്തുകളിലും മൃഗസംരക്ഷണ, ക്ഷീരോൽപ്പാദന മേഖലകളിൽ ശ്രദ്ധേയമായ നേട്ടം ഉണ്ടാക്കിക്കൊണ്ട് വ്യാപകമായ രീതിയിൽ അടിസ്ഥാന സൗകര്യ ശൃംഖല സ്ഥാപിച്ചു. ഇത് ക്ഷീരോല്പാദന രംഗത്ത് പ്രതിവർഷം 5.9% വർദ്ധനവ് ഉണ്ടാക്കാൻ വഴി തെളിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ സേവനരംഗം കൂടുതൽ കാര്യക്ഷമമാക്കും. കഴിഞ്ഞ വർഷം തുടങ്ങിവച്ച സഞ്ചരിക്കുന്ന കൃത്രിമ ബീജസങ്കലന യൂണിറ്റുകളും കറവ യന്ത്രയൂണിറ്റുകളും മൃഗസംരക്ഷണ വകുപ്പിന്റെയും സഹകരണ മേഖലയുടെയും അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ശക്തിപ്പെടുത്തുന്നതാണ്. രോഗ പ്രതിരോധ നടപടികൾക്കും രോഗനിർണ്ണയ-നിയന്ത്രണ നടപടികൾക്കും മുന്തിയ പരിഗണന നൽകി ഉല്പാദന നഷ്ടം ഒഴിവാക്കുന്നതാണ്. ഇതിന്റെ പ്രയോജനം ലഭ്യമാവുന്നത് വളരെ പാവപ്പെട്ടവർക്കാണ്. കന്നുകാലി പരിചരണം ശക്തിപ്പെടുത്തുന്നതിനായി വാർഷിക പദ്ധതിയിൽ 11.78 കോടി രൂപ ഞാൻ നീക്കി വച്ചിരിക്കുന്നു. പ്രത്യേക കന്നുകാലി വികസന പദ്ധതികൾക്കായി 1.6 കോടി രൂപ കൂടി ഞാൻ വകയിരുത്തുന്നു.

മത്സ്യബന്ധനം

49. അറുനൂറ് കിലോമീറ്ററോളം ദൈർഘ്യമുള്ള സമുദ്രതീരവും ധാരാളം കായലുകളും ഉൾനാടൻ ജലാശയങ്ങളുമുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് മത്സ്യമേഖലയുടെ സാമ്പത്തികവും സാമൂഹ്യവുമായ പ്രാധാന്യം ഈ സർക്കാർ കണക്കിലെടുത്തിട്ടുണ്ട്. തൊഴിൽ മേഖലയിൽ ബോണസ് ലഭിക്കാത്ത ഏക വിഭാഗം മത്സ്യത്തൊഴിലാളികളാണ്. മറ്റ് തൊഴിൽ മേഖലകളിൽ എന്നപോലെ മത്സ്യത്തൊഴിലാളികൾക്കും ബോണസ് ലഭിക്കുന്നതിനായി 'മത്സ്യ ഫെഡ്' വഴി ഒരു ഉത്സവകാല ബോണസ് പദ്ധതി നടപ്പിലാക്കിത്തുടങ്ങി. ഈ പദ്ധതിയിൻകീഴിൽ എല്ലാ മത്സ്യത്തൊഴിലാളികളേയും ഉൾപ്പെടുത്തുന്നതിനും മത്സ്യലേലം നിലവിലില്ലാത്ത പ്രദേശങ്ങളിൽ കൂടി ലേലം ആരംഭിച്ച് ബോണസ് പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

AGRICULTURE

45. The policies of this Government have been the anchorage and the bedrock fof the one crore farmers in our State, during this time of crisis in the agricultural sector. Our well thought out efforts in this sector have been numbed by the lopsided policies of Government of India- all in the name of globalisation and liberalisation. In the next year , I have included a provision of Rs. 167.20 cr. in the Plan Budget. Along with the amounts that will be spent by Local Bodies, this year I am hopeful of ensuring an expenditure of Rs. 500 cr. in the agricultural sector. The activities of the newly created Paddy Board will help us to sustain the commendable gains in agricultural productivity in paddy that we had achieved in the last few years. I am allocating an amount of Rs. 33.62 cr. for paddy cultivation. Government have been able to successfully combat the much- dreaded Mandari disease of coconut trees. 2.77 cr. trees have been treated at a total expenditure of Rs. 28.77 cr. The second and third level of the campaign aganist the disease will be taken up this year. I have set aside Rs. 21.50 cr. for coconut cultivation in my budget. This will be supplemented by expenditure by Local Bodies in this area. Despite procuring 80000 MT of copra, the price of coconut oil continue to be depressed in the realm of the import policy of Government of India. This year provisions of Rs. 3 cr. and Rs. 2.25 crore have been included on the schemes of Technology Mission of Pepper and Cashew Development Programme respectively. Under the National Watershed programme, Rs. 13.08 cr. has been earmarked for 28 watersheds in the State.

46. We shall continue our efforts to help the rubber growers in our State. We have reduced taxes on rubber plantations and rubber. We are continuing our efforts to increase the quantity of rubber sheets and crumb rubber exported besides ensuring the export of a sizable share of the latex produced by public sector units. Last year, we had as a temporary measure reduced the tax rates for cashew, coffee and tea from 8% to 4% . We have exempted our farmers with less than five hectares of land from agricultural income tax. We have completely exempted rubber and coffee plantations up to 20 hectares from agricultural income tax. Farmers with up to 2 hectares of agricultural land have been given free electricity . In view of the severe difficulties faced by this sector, I intend to extend these tax concessions for one more year.

LIBRARY ARCHIVES Kerala Legislative Assembly

47. Very successful research conducted at the Kerala Agricultural University has confirmed the commercial potential of 'Kerasudha' or sweet toddy. Researchers estimate that popularisation of Kerasudha can yiled direct and indirect emloyment to as many as 5-10 lakhs people in the state. I intend to provide an amount of Rs. 5 lakh as a token provision for drawing up a project to commercialise this appropriate and indigenous technology, which our scientists have developed.

ANIMAL HUSBANDRY

48. Kerala has achieved remarkale progress with a wide netwrok of infrastructure facilities in the animal husbandry and diary sector in all the Grama Panchayats, paving way for achieving an annual 5.9 % growth in milk production. The Department will focus attention on improving the efficiency of the services. The initiative triggered last year for introduction of mobile artificial insemination units and mobile milking machines will be strengthened further utilising fully the deartmental as well as cooperative infrastructure. Disease investigation and control through preventive measures will be given increased impetus to avoid production loss, considering the fact that it is the poorest of the poor who bear brunt of these avoidable losses. For stengthening of veterinary services I have provided adn amout of Rs. 11.78 cr. in the Annual Plan. I have also provided an amount of Rs. 1.6 cr. for the Special Livestock Development Programme.

FISHERIES

49. This government has paid utmost attention to the fisheries sector given its economic and social importance in a state like Kerala with nearly 600 km. of sea coast and numerous inland and backwater bodies. This is a sector where workers do not earn bonus as part of their employment. We have already introuced a scheme for giving bonus to these workers through Matsyafed. We will make this scheme more attractive and extend it to areas where there is no auction of fish at present.

50. We will complete the construction of fishing harbours now in progress at Muthalapozhi, Kayamkulam, Ponnani, Thalayi in a time bound manner and will also begin construction of a new fishing harbour at Koilandi. As a first step, I am including a token provision of Rs. 10 lakh for constructing groynes to commence work on the harbour.

LIBRARY ARCHIVES Kerala Legislative Assembly